## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ – ക്ലാർക്കുമാരുടെ 01.01.1994 മുതൽ 31.03.1997 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ ശ്രീ. സുനിൽകുമാർ. എസ്, ക്ലാർക്ക് ന്റെ പേര് ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 03.09.1996 ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ.സി1-116607/95 നമ്പർ ഉത്തരവ്
2. 19.09.1996 ലെ പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ എ2-13983/96 നമ്പർ ഉത്തരവ്
3. 10.04.2017 ലെ സി:എച്ച്.സി പുത്തൻതോപ്പ് മെഡിക്കൽ ആഫീസറുടെ അപേക്ഷ
4. 03.10.2017 ലെ ഈ ആഫീസിലെ ഇതേ നമ്പർ നോട്ടീസ്
5. ഉത്തരവ് നം. ഇ.എസ്2-151198/05/ആവഡ തീയതി 02.02.2007

### ഉത്തരവ് നം.ഇ.എസ് 2-26821/2017/ആ.വ.ഡ തീയതി 02.12.2017

ക്ലാർക്കുമാരുടെ 01.01.1994 മുതൽ 31.03.1997 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി പുത്തൻതോപ്പ് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീ. സുനിൽകുമാർ. എസ് ന്റെ അപേക്ഷ സൂചന മൂന്ന് (3) പ്രകാരം അയച്ചു തന്നിരുന്നു.

ശ്രീ. സുനിൽകുമാർ സൂചന ഒന്ന് (1) പ്രകാരം 03.09.1996 ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവനുസരിച്ച് സൂചന രണ്ട് (2) പ്രകാരം ഉള്ള പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ ഉത്തരവിൻ പ്രകാരം 03.10.1996 നാണ് ജോലിയിൽ പ്രവേശിച്ചത്.

ടിയാന്റെ പേര് 01.01.1994 മുതൽ 31.03.1997 വരെയുള്ള കാലയളവിലെ എൽ.ഡി ക്ലാർക്കുമാരുടെ സീനിയോറിട്ടി പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത സീനിയോറിട്ടി പട്ടികയിൽ പേര് ഉൾപ്പെടുത്തിയിരുന്നില്ല.

19.09.1996 ലെ പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ സൂചന രണ്ട് (2) പ്രകാരമുള്ള ഉത്തരവനുസരിച്ച് സർവ്വീസിൽ പ്രവേശിച്ച ടിയാന്റെ ജനന തീയതി (20.05.1966) കൂടി പരിഗണിച്ചു കൊണ്ട് 01.01.1994 മുതൽ 31.03.1997 വരെയുള്ള നിലവിലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നമ്പർ 258 എ ആയി ഉൾപ്പെടുത്തുന്നതിന് സൂചന 4 പ്രകാരം താൽക്കാലികമായി തീരുമാനിച്ച് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും ലഭിക്കുകയുണ്ടായില്ല. ആയതിനാൽ 01.01.1994 മുതൽ 31.03.1997 വരെയുള്ള എൽ.ഡി ക്ലാർക്കുമാരുടെ സീനിയോറിട്ടി പട്ടികയിൽ 258 എ എന്ന സ്ഥാനം നൽകി എസ്. സുനിൽകുമാറിനെ ഉൾപ്പെടുത്തുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

| Sl. No | Name | Date of birth | Qualification | No. & Date of Advice/ GO No. & Date of order of appointing authority | Date of joining duty in present post | Date of commencement of service | Date of assignment of seniority | Previous Rank No. | Rank No. allotted | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | Rema. M.N | 14.05.61 | MA, MOP AT (L) 6/98 | EII(2)1404/88 dtd 07.09.96 PSC RNN0035 | 27.09.96 | 27.09.96 | 07.09.96 | 258 | 258 | |
| 2 | Sunilkumar.S | 20.05.66 | SSLC MOP | GO(ms)363/95/H& FWD dtd 11.07.95 order No. A2/ 13983/96 dtd 19.09.96 | 03.10.96 | 03.10.96 | 19.09.96 | - | 258 A | DOB 20.05.66 |
| 3 | E.J. Varghese | 18.05.69 | SSLC ITC | GO(ms) 348/95/ H&FWD dtd 4/7/95 order No.A2/ 13983/96 dtd 19.09.96 | 24.09.96 | 24.09.96 | 19.09.96 | 259 | 259 | |

സൂചന അഞ്ച് (5) ലെ ഉത്തരവിൽ ടിയാന്റെ പേര് കൂടി ഉൾപ്പെടുത്തി ഇതിനാൽ പരിഷ്കരിച്ചിരിക്കുന്നു.

ഒപ്പ്/-
**സി.എം.അജയമോഹൻ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. മെഡിക്കൽ ആഫീസർ, സി.എച്ച്.സി പുത്തൻതോപ്പ്
3. ശ്രീ. സുനിൽകുമാർ. എസ്, സി.എച്ച്.സി പുത്തൻതോപ്പ്
4. വെബ്സൈറ്റ്/ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്